മുനിസിപ്പാലിറ്റികൾക്ക് സ്പെഷ്യൽ ഗ്രാൻറ്

1311. [1781] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) 1984-85 സാമ്പത്തിക വർഷം മുനിസിപ്പാലിറ്റികൾക്ക് സ്പെഷ്യൽ ഗ്രാൻറ് അനുവദിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ സ്പെഷ്യൽ ഗ്രാൻറ് ലഭിച്ച മുനിസിപ്പാലിറ്റികൾ ഏതെല്ലാം ; എത്ര രൂപ വീതം ;

(സി) ഏതെല്ലാം പ്രവർത്തനങ്ങൾക്കാണ് സ്പെഷ്യൽ ഗ്രാൻറ് അനുവദിച്ചത് ;

(ഡി) സ്പെഷ്യൽ ഗ്രാൻറ് അനുവദിക്കുന്നതിന്റെ മാനദണ്ഡം വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഇല്ല.

(ബി,സി) 'എ' പിരിവിന്റെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(ഡി) ഫണ്ടിന്റെ പര്യാപ്തതയനുസരിച്ചും നഗരസഭകളുടെ സാമ്പത്തിക പരാധീനത കണക്കിലെടുത്തും, പ്രത്യേക ആവശ്യത്തിന്റെ ഗൗരവ സ്വഭാവം കണക്കാക്കിയുമാണ് സ്പെഷ്യൽ ഗ്രാൻറ് അനുവദിക്കുന്നത്.

നെയ്യാറിൻകര മുനിസിപ്പൽ ഗ്രന്ഥശാല

1312. [1782] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) നെയ്യാറിൻകര മുനിസിപ്പൽ ഗ്രന്ഥശാലയ്ക്കുവേണ്ടി കഴിഞ്ഞ സാമ്പത്തികവർഷം പുതിയ പുസ്തകങ്ങൾ വാങ്ങിയിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ പുതിയ പുസ്തകങ്ങൾ വാങ്ങുന്നതിന് സ്പെഷ്യൽ ഗ്രാൻറ് അനുവദിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) മുനിസിപ്പൽ ഗ്രന്ഥശാലകൾക്ക് സ്പെഷ്യൽ ഗ്രാൻറ് അനുവദിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പിന്റെ ബഡ്ജറിൽ തുക വകകൊള്ളിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly